REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-05-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കേരള മുഖ്യമന്ത്രിയെ നിശ്ചയിക്കാൻ ചർച്ച ഇന്ന് ന്യൂഡൽഹിയിൽ. കോൺഗ്രസ് ഹൈക്കമാൻഡ് സംസ്ഥാനത്തെ പാർട്ടി നേതാക്കളെ കാണും.**
- **പശ്ചിമബംഗാളിൽ സുവേന്ദു അധികാരിയുടെ നേതൃത്വത്തിൽ BJP മന്ത്രിസഭ രാവിലെ സത്യപ്രതിജ്ഞ ചെയ്യും.**
- **തമിഴ്നാട്ടിൽ തമിഴക വെട്രികഴകം നേതാവ് വിജയ്-ന്റെ സത്യപ്രതിജ്ഞയുമായി ബന്ധപ്പെട്ട അനിശ്ചിതത്വം തുടരുന്നു.**
- **സംസ്ഥാനത്ത് ചൊവ്വാഴ്ച വരെ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്കും, കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.**
- **IPL ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ഡൽഹി ക്യാപിറ്റൽസിനെ എട്ട് വിക്കറ്റിന് തകർത്തു.**

## വാർത്തകൾ വിശദമായി

കേരള മുഖ്യമന്ത്രിയെ നിശ്ചയിക്കുന്നതിന് നിർണായക ചർച്ചകൾ ന്യൂഡൽഹിയിൽ തുടരുന്നു. കോൺഗ്രസ് ഹൈക്കമാൻഡ് പ്രതിനിധികൾ സംസ്ഥാനത്തെ മുതിർന്ന പാർട്ടി നേതാക്കളുമായി ഇന്ന് കൂടിക്കാഴ്ച നടത്തും. ചർച്ചകളിൽ പങ്കെടുക്കുക്കാൻ VD സതീശൻ, രമേശ് ചെന്നിത്തല, KPCC പ്രസിഡന്റ് സണ്ണി ജോസഫ് തുടങ്ങിയവർ ഇന്നലെ തന്നെ ഡൽഹിയിലെത്തിയിരുന്നു.

മുഖ്യമന്ത്രിയെ തീരുമാനിക്കുന്നതിന് നിരീക്ഷകരായ മുകുൾ വാസ്നിക്, അജയ് മാക്കൻ എന്നിവർ MLA-മാരുമായി നടത്തിയ കൂടിക്കാഴ്ചയുടെ

റിപ്പോർട്ട് ഹൈക്കമാൻഡിന് സമർപ്പിച്ചിരുന്നു. ഈ റിപ്പോർട്ടിലെ നിർദേശങ്ങൾ കൂടി പരിഗണിച്ചായിരിക്കും അന്തിമ തീരുമാനം.

VD സതീശൻ, രമേശ് ചെന്നിത്തല, KC വേണുഗോപാൽ എന്നിവരുടെ പേരുകളാണ് മുഖ്യമന്ത്രി സ്ഥാനത്തേക്ക് പ്രധാനമായും പരിഗണിക്കുന്നത്. ചർച്ചകൾ പൂർത്തിയാക്കി സമവായത്തിലെത്താനായാൽ ഇന്ന് വൈകീട്ടോടെ പ്രഖ്യാപനമുണ്ടായേക്കും.

✪✪✪

പശ്ചിമബംഗാളിൽ മമതാബാനർജിയുടെ പതിനഞ്ചു വർഷത്തെ ഭരണത്തിന് അന്ത്യം കുറിച്ച് സുവേന്ദു അധികാരിയുടെ നേതൃത്വത്തിൽ BJP മന്ത്രിസഭ രാവിലെ 11ന് സത്യപ്രതിജ്ഞ ചെയ്യും. കൊൽക്കൊത്തയിലെ ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിലാണ് ചടങ്ങ്. പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തരമന്ത്രി അമിത്ഷാ, BJP ദേശീയ അധ്യക്ഷൻ നിതിൻ നബീൻ, കേന്ദ്രമന്ത്രിമാർ, NDA ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ തുടങ്ങിയവർ സത്യപ്രതിജ്ഞാചടങ്ങിൽ പങ്കെടുക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

..........വോയ്സ്............

ആഭ്യന്തരമന്ത്രി അമിത് ഷായുടെ സാന്നിധ്യത്തിൽ ഇന്നലെ ചേർന്ന നിയമസഭാകക്ഷി യോഗം സുവേന്ദു അധികാരിയെ നേതാവായി തെരഞ്ഞെടുത്തിരുന്നു. യോഗത്തിനു ശേഷം സുവേന്ദു അധികാരി ബംഗാൾ ഗവർണ്ണർ RN രവിയെ കണ്ട് മന്ത്രിസഭാരൂപീകരണത്തിന് അവകാശം ഉന്നയിച്ചു.

നേതാവായി തെരഞ്ഞെടുത്തതിനെ തുടർന്ന് സുവേന്ദു അധികാരിയുടെ ജന്മനാടായ പൂർബ മേദിനിപ്പൂരിലും സ്വന്തം മണ്ഡലമായ നന്ദിഗ്രാമിലും പ്രവർത്തകർ ആഹ്ലാദപ്രകടനങ്ങൾ സംഘടിപ്പിച്ചു.

തൃണമൂൽ കോൺഗ്രസ്സ് ബംഗാളിൽ സൃഷ്ടിച്ച ഭയത്തിനെതിരെയാണ് ജനങ്ങൾ BJPക്ക് അനുകൂലമായി വിധിയെഴുതിയതെന്ന് നിയമസഭാ കക്ഷിയോഗത്തിന് ശേഷം അമിത് ഷാ പറഞ്ഞു.

ഗവണ്മെന്റ് രൂപീകരണത്തിന് ശേഷം കൊൽക്കത്ത RG കർ മെഡിക്കൽ കോളജിലെ ബലാൽസംഗക്കേസിലും സന്ദേശ് ഖലിയിൽ സ്ത്രീകൾക്ക് നേരെയുണ്ടായ ലൈംഗികാതിക്രമകേസിലും അന്വേഷണം നടത്താൻ തീരുമാനമെടുക്കുമെന്ന് സുവേന്ദു അധികാരി അറിയിച്ചു.

✪✪✪

പുതുച്ചേരിയിൽ NDA യുടെ മുഖ്യന്ത്രി സ്ഥാനാർത്ഥി N രംഗസ്വാമി ലെഫ്റ്റനന്റ് ഗവർണർ കൈലാസ് നാഥനെ കണ്ട് ഗവൺമെന്റ് രൂപീകരണത്തിന് അവകാശമുന്നയിച്ചു. മുഖ്യമന്ത്രി സ്ഥാനത്തേക്ക് പിന്തുണയ്ക്കുന്ന ഭൂരിപക്ഷം MLA മാരുടെയും കത്തുകൾ അദ്ദേഹം ലെഫ്റ്റനന്റ് ഗവർണർക്ക് കൈമാറി. നേരത്തെ NDA സഖ്യകക്ഷികളുടെ യോഗം ചേർന്ന് രംഗസ്വാമിയെ നിയമസഭാ കക്ഷി നേതാവായി തെരഞ്ഞെടുത്തിരുന്നു.

✪✪✪

തമിഴ്നാട്ടിൽ തമിഴക വെട്രികഴകം നേതാവ് വിജയ്-ന്റെ സത്യപ്രതിജ്ഞയുമായി ബന്ധപ്പെട്ട അനിശ്ചിതത്വം തുടരുന്നു. ഗവൺമെന്റ് രൂപീകരണത്തിൽ TVK യെ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് പിന്തുണച്ചെന്ന റിപ്പോർട്ട് ലീഗ് അഖിലേന്ത്യ പ്രസിഡന്റ് പ്രൊഫ. ഖാദർമൊയ്തീൻ തള്ളിയതിനെ തുടർന്നാണ് പുതിയ പ്രതിസന്ധി. ഇതോടെ ഇന്ന് TVK ഗവൺമെന്റിന്റെ സത്യപ്രതിജ്ഞ ഉണ്ടായേക്കുമെന്ന പ്രതീക്ഷ അസ്ഥാനത്തായി. ഇന്നലെ രണ്ടാം തവണയും ഗവർണറെ കണ്ട വിജയ് ഗവൺമെന്റ് രൂപീകരണത്തിന് അവകാശമുന്നയിച്ചിരുന്നു.

ഡെസ്ക് റിപ്പോർട്ട്

......വോയ്സ്.........

മുസ്ലീം ലീഗ്, തമിഴക വെട്രി കഴകത്തെ പിന്തുണയ്ക്കുന്നതായി കത്ത് നൽകിയിട്ടില്ലെന്ന് പ്രൊഫ. ഖാദർമൊയ്തീൻ വാർത്താക്കുറിപ്പിലാണ് അറിയിച്ചത്. തമിഴ്നാട്ടിൽ ഗവൺമെന്റ് രൂപീകരിക്കുന്നതിനെയാണ് പിന്തുണച്ചതെന്നും TVK-യെ പിന്തുണയ്ക്കുന്നതായി അറിയിച്ചിട്ടില്ലെന്നും വാർത്താക്കുറിപ്പ് വ്യക്തമാക്കി.

വിജയ് നെ പിന്തുണയ്ക്കുന്ന വിടുതലൈ ചിരുതെയ്കൾ കക്ഷി ഇന്ന് TVK യെ പിന്തുണച്ച് കത്തുനൽകുമെന്ന് അറിയിച്ചിട്ടുണ്ട്. അമ്മാ മക്കൾ മുന്നേട്ര കഴകം നേതാവ് TTV ദിനകരൻ ഗവർണറെ കണ്ട് പാർട്ടിയുടെ ഏക MLA, S കാമരാജ് അണ്ണാ DMK സെക്രട്ടറി എടപ്പാടി പളനിസാമിയെ മുഖ്യമന്ത്രി ആക്കുന്നതിന് പിന്തുണച്ച് കത്ത് നൽകി. നേരത്തെ AMMK തമിഴക വെട്രി കഴകത്തെ പിന്തുണച്ചതായി റിപ്പോർട്ടുകൾ ഉണ്ടായിരുന്നു.

തമിഴ്നാട്ടിൽ പുതിയ ഗവൺമന്റ് രൂപീകരണത്തിന് ഭരണഘടനാപരമായ നടപടിക്രമങ്ങൾ ആരംഭിക്കാൻ DMK പ്രസിഡന്റ് MK സ്റ്റാലിൻ, ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറോട് ആവർത്തിച്ച് ആവശ്യപ്പെട്ടിരുന്നു. ഗവൺമെന്റ് രൂപീകരണം വൈകുന്നതുമൂലം തമിഴ്നാട്ടിൽ രാഷ്ട്രപതി ഭരണത്തിന് ഇടവരുത്തരുതെന്ന് സ്റ്റാലിൻ ഗവർണറോട് ആവശ്യപ്പെട്ടു.

✪✪✪

ദേശീയ അന്വേഷണ ഏജൻസിയുടെ തീർപ്പാകാതെ ശേഷിക്കുന്ന പത്ത് മുതൽ പതിനഞ്ച് വരെ കേസുകൾക്ക് ഓരോ പ്രത്യേക കോടതി എങ്കിലും സ്ഥാപിക്കണമെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചു. ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ജോയ്മല്യ ബാഗ്ചി എന്നിവരടങ്ങിയ ബെഞ്ചാണ് നിർദ്ദേശം പുറപ്പെടുവിച്ചത്.

മറ്റ് കേസുകളൊന്നും ഇത്തരം പ്രത്യേക കോടതികളെ ഏൽപ്പിക്കരുതെന്നും വിചാരണ തുടർച്ചയായ ദിവസങ്ങളിൽ നടത്തണമെന്നും ഡിവിഷൻബെഞ്ച് ആവശ്യപ്പെട്ടു. NIA കേസുകൾ വർഷങ്ങൾ നീണ്ടുപോകുന്നുവെന്ന ആശങ്കയെ തുടർന്നാണ് കോടതി സ്വമേധയാ കേസ് പരിഗണിച്ചത്.

✪✪✪

റഷ്യയ്ക്കും ഉക്രൈനുമിടയിൽ മൂന്ന് ദിവസത്തെ താൽകാലിക വെടി നിർത്തൽ കരാർ നിലവിൽ വന്നതായി US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അറിയിച്ചു. തിങ്കളാഴ്ച വരെ ഇരു രാജ്യങ്ങളും എല്ലാത്തരം ആക്രമണങ്ങളും നിർത്തിവെക്കും. രണ്ടാം ലോക മഹായുദ്ധത്തിലെ റഷ്യയുടെ മെയ് 9 വിജയാഘോഷദിനത്തോടൊപ്പമാണ് വെടി നിർത്തൽ ഉണ്ടായതെന്ന് ട്രൂത്ത് സോഷ്യലിൽ ട്രംപ് കുറിച്ചു. താൽകാലിക വെടിനിർത്തൽ നടപ്പാക്കണമെന്ന അഭ്യർത്ഥന ഇരു രാജ്യങ്ങളും അംഗീകരിക്കുകയായിരുന്നുവെന്നും കുറിപ്പിൽ പറയുന്നു. ഇരു രാജ്യങ്ങളുടെയും ആയിരംവീതം തടവുകാരെയും ഇതിന്റെ ഭാഗമായി കൈമാറും. ഇരുരാജ്യങ്ങൾക്കുമിടയിലെ യുദ്ധം അവസാനിപ്പിക്കാൻ ചർച്ചകൾ നടത്തി വരികയാണെന്നും ട്രംപ് അറിയിച്ചു.

✪✪✪

പശ്ചിമേഷ്യൻ സംഘർഷ പരിഹാരത്തിന് അമേരിക്ക തയ്യാറാക്കിയ കരട് പ്രമേയം ഐക്യരാഷ്ട്ര സുരക്ഷാ സമിതിയിൽ ഇറാൻ നിരസിച്ചു. നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നിയമപരമാക്കാൻ ലക്ഷ്യമിടുന്ന നിർദേശങ്ങളാണ് പ്രമേയത്തിൽ ഉൾപ്പെടുത്തിയിരിക്കു ന്നതെന്ന് ടെഹ്റാൻ കുറ്റപ്പെടുത്തി. ഹോർമൂസ് കടലിടുക്കിലൂടെ സ്വതന്ത്ര നാവിക ഗതാഗതം ഉറപ്പാക്കാൻ ലക്ഷ്യമിടുന്ന കരട് പ്രമേയത്തെ ബഹ്റൈൻ, സൗദി അറേബ്യ UAE, ഖത്തർ എന്നീ രാജ്യങ്ങളും പിന്തുണച്ചിരുന്നു.

✪✪✪

കേരള സാഹിത്യ അക്കാദമി അധ്യക്ഷ സ്ഥാനം K.സച്ചിദാനന്ദൻ രാജി വെച്ചു. വൈസ് പ്രസിഡന്റ് അശോകൻ ചരുവിലും രാജിവെച്ചിട്ടുണ്ട്. ഇരുവരും രാജി കത്ത് സാംസ്കാരിക വകുപ്പ് സെക്രട്ടറിക്ക് ഇ-മെയിലിൽ അയച്ചു.

✪✪✪

KSRTC-യുടെ ജെൻഡർ ടിക്കറ്റിങ് ഇന്ന് പ്രാബല്യത്തിൽവരും. ഇലക്ട്രോണിക് മെഷീൻ വഴി ടിക്കറ്റ് വിതരണം ചെയ്യുമ്പോൾ പുരുഷൻ, സ്ത്രീ എന്ന് രേഖപ്പെടുത്തുന്ന സൗകര്യമാണ് ഇന്ന് നിലവിൽ വരുന്നത്.

✪✪✪

ആദായനികുതി നിയമം 2025-നെക്കുറിച്ച് പൊതുജന അവബോധവും പങ്കാളിത്തവും സൃഷ്ടിക്കാൻ സംസ്ഥാനവ്യാപക അവബോധ ക്യാമ്പയിൻ "പ്രാരംഭ് 2026", കേരളത്തിലും ലക്ഷദ്വീപിലും സംഘടിപ്പിക്കും. ചൊവ്വാഴ്ച ക്യാമ്പയ്ൻ കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്ത് ചൊവ്വാഴ്ച്ച വരെ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്കും, കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, കോഴിക്കോട് ജില്ലകളിലും, ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. ലക്ഷദ്വീപിൽ ഇന്നും നാളെയും മണിക്കൂറിൽ 50 മുതൽ 60 വരെ കിലോമീറ്റർ വേഗത്തിൽ കാറ്റിനും, ശക്തമായ മഴയ്ക്കും സാധ്യതയുണ്ടെന്നും മത്സ്യ തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പ് നൽകി.

7 ജില്ലകളിലും, ലക്ഷദ്വീപിലും നാളെയും മഞ്ഞ ജാഗ്രതയാണ്.

✪✪✪

രാജ്യരക്ഷാ സഹമന്ത്രി സഞ്ജയ് സേത്ത് കൊല്ലത്തെ മാതാ അമൃതാനന്ദമയി മഠം സന്ദർശിച്ചു. മാതാ അമൃതാനന്ദമയിയുമായി കൂടിക്കാഴ്ചയ്ക്കുശേഷം ആശ്രമവും അമൃത വിശ്വവിദ്യാപീഠം അമൃതപുരി ക്യാമ്പസും സന്ദർശിച്ചു.

✪✪✪

UDF-ൽ മുസ്ലിംലീഗ് രാഷ്ട്രീയം സമ്മർദ്ദം ചെലുത്തുകയാണെന്ന് BJP മുൻ സംസ്ഥാന പ്രസിഡന്റ് K. സുരേന്ദ്രൻ ആരോപിച്ചു. വിദ്യാഭ്യാസം പോലെ ഗൗരവമേറിയ വകുപ്പുകൾ ദേശീയ പാർട്ടികളാണ് കൈകാര്യം ചെയ്യേണ്ടതെന്നും സുരേന്ദ്രൻ പറഞ്ഞു.

✪✪✪

ISL ഫുട്ബോളിൽ, സ്പോർട്ടിംഗ് ഡൽഹിക്കെതിരെ ഒഡീഷയ്ക്ക് ജയം. ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് ഒഡീഷ ജയിച്ചത്.

ഇന്ന് FC ഗോവ, മോഹൻ ബഗാൻ  സൂപ്പർ ജയന്റ്സ്-നെ നേരിടും. ഗോവയിൽ വൈകീട്ട് അഞ്ച് മണിക്കാണ്  മത്സരം. മറ്റൊരുമത്സരത്തിൽ ജംഷഡ്പൂർ FC, ബെംഗളൂരു FC യെ നേരിടും.  വൈകീട്ട്  7.30  ജംഷഡ്പൂരിലാണ്  മത്സരം.

✪✪✪

ഇന്ത്യ, AFC അണ്ടർ 17 വനിതാ ഏഷ്യൻ കപ്പ് ഫുട്ബോൾ  ക്വാർട്ടർ ഫൈനലിലേക്ക് യോഗ്യത നേടി. ചൈനയിലെ സുഷൗവിൽ നടന്ന അവസാന ഗ്രൂപ്പ് B മത്സരത്തിൽ ലെബനനെ മറുപടിയില്ലാത്ത നാല് ഗോളിന് തോൽപ്പിച്ചാണ്  ഇന്ത്യയുടെ  ക്വാർട്ടർ പ്രവേശം.

✪✪✪

IPL ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ഡൽഹി ക്യാപിറ്റൽസിനെ എട്ട് വിക്കറ്റിന് തകർത്തു. ഇന്ന് രാജസ്ഥാൻ റോയൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ജയ്പൂരിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

പുതിയ അധ്യയന വർഷം സ്കൂൾ തുറക്കുന്നതിന് മുമ്പ്  തൃശൂർ ജില്ലയിലെ സ്കൂളുകളുടെ ഫിറ്റ്നസ് പരിശോധന പൂർത്തിയാക്കാൻ ജില്ലാതല അവലോകന യോഗം ചേർന്നു.

തൃശൂരിൽ നിന്ന് ഭരിതാ പ്രതാപ്

........വോയ്സ്..........

പുതിയ അധ്യയന വർഷം സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി തൃശ്ശൂർ ജില്ലയിലെ സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ കളക്ടർ ശിഖ സുരേന്ദ്രന്റെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു.

ജില്ലയിലെ ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് ഉൾപ്പെടെ ആകെയുള്ള 1007 സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ നടത്തിയ പ്രവർത്തനങ്ങൾ യോഗത്തിൽ ജില്ലാ കളക്ടർ വിലയിരുത്തി. ജില്ലയിലെ സ്കൂളുകൾക്ക് ഫിറ്റ്നസ് ലഭിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും വിദ്യാഭ്യാസ ഉപ ഡയറക്ടറെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തി. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയർക്കാണ് സർട്ടിഫിക്കേഷന്റെ ഏകോപന ചുമതല.

കളക്ട്രേറ്റ് എക്സിക്യൂട്ടീവ് ഹാളിൽ ചേർന്ന യോഗത്തിൽ ഡി.എം ഡെപ്യൂട്ടി കളക്ടർ കെ. കൃഷ്ണകുമാർ, ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ പി.എം ബാലകൃഷ്ണൻ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

✪✪✪

വയലാർ രാമവർമ്മ സാംസ്ക്കാരിക വേദി, മലയാള ചലച്ചിത്ര സംവിധായകൻ M.കൃഷ്ണൻനായരുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ 'കൃഷ്ണാഞ്ജലി പുരസ്ക്കാരം' ഇന്ന് നടൻ മധുവിന് സമർപ്പിക്കും. വൈകീട്ട് നിയുക്ത MLA, K.മുരളീധരൻ നടൻ മധുവിന്റെ വീട്ടിലെത്തി പുരസ്കാരം കൈമാറും.

✪✪✪

വ്യാജ രേഖ ചമച്ച് അനധികൃത അവയവദാനം നടത്തിയ കേസിൽ മൂന്നുപേരെ എറണാകുളം റൂറൽ പൊലീസ് അറസ്റ്റ് ചെയ്തു. ഇവരിൽ നിന്ന് അവയവ കച്ചവടത്തിന് ഉപയോഗിക്കുന്ന ഒട്ടേറെ രേഖകളും പിടിച്ചെടുത്തു.

✪✪✪

എട്ടാമത് സ്വതന്ത്ര ചലച്ചിത്ര മേള കോഴിക്കോട് കൃഷ്ണമേനോൻ മ്യൂസിയത്തിൽ നാളെ സമാപിക്കും. മത്സരവിഭാഗത്തിൽ ബയോസ്കോപ്പ് അവാർഡിനായി മലയാളത്തിൽ നിന്ന് മൂന്ന് എണ്ണം ഉൾപ്പെടെ 9 ചിത്രങ്ങൾ ഉണ്ട്.

നിപിൻ നാരായണൻ സംവിധാനം ചെയ്ത കാത്തിരിപ്പ്, ശ്രീകൃഷ്ണൻ KPയുടെ റോക്ക്, ഷിഹാബ് ഓങ്ങല്ലൂരിന്റെ റിക്കാർഡ് ഡാൻസ് എന്നിവയാണ് ചിത്രങ്ങൾ.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team: സബിത കെ, സയ്യിദ് അലി ശിഹാബ്*
*DEO: സി കെ സുബോധ്*